بسم الله الرحمن الرحيم

ലേൺദി ഖുർആൻ പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി.

റിയാദ് ഇന്ത്യൻ ഇസ്‌ലാഹി സെന്റർ പരീക്ഷാ ബോർഡ് സഊദി അറേബ്യയിൽ ദേശീയടിസ്ഥാനത്തിൽ നടത്തിയ 10- ാംഘട്ട **ലേൺദി ഖുർആൻ** പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ജുബൈൽ സെന്ററിൽ പരീക്ഷ എഴുതിയ റഫീദ ഫാറൂഖ് ഒന്നാം റാങ്കിന് അർഹമായി . റഹീമ സെന്ററിലെ സലീം.എ.എ.യാണ് രണ്ടാം സ്ഥാനം നേടിയത് . മൂന്നാം സ്ഥാനം പങ്കുവെച്ചവർ ഫാതിമ സുഹ്റ (റിയാദ്),ബുശ്റ അബ്ദു റഹ്മാൻ ((റിയാദ്)സലീന അബ്ദു റസാഖ് (ജിദ്ദ) ,നുസ്റത്ത് .കെ.വി. (റിയാദ്)അശൂറ അബ്ദു റസാഖ് (ഖമീസ്മുസൈത്ത്), റജുല അശ്റഫ് (റിയാദ്),ഖാസിം അറക്കൽ(ദവാദ്മി),ലുബ്ന മജീദ്((റിയാദ്)എന്നിവരാണ്.

ഈ പരീക്ഷയിൽ **A+**ലഭിച്ചവർ 72 പേരാണ്. **A**ഗ്രൈഡ് നേടിയവർ 308 പേരായി വർദ്ധിച്ചത് പഠന നിലവാരത്തിലുണ്ടായ ഉയർച്ചയും വളർച്ചയും വിളിച്ചറിയിക്കുന്നു. 3000ലധികം പഠിതാക്കളുള്ള ലേൺദി ഖുർആന് ഇത്തവണ പരീക്ഷാർത്ഥികളുടെ എണ്ണവും മുൻവർഷങ്ങളേക്കാൾ അധികമായിരുന്നു. സഊദിയിൽ 25 പരീക്ഷാ കേന്ദ്രങ്ങളിലധികവും സംവിധാനം നടപ്പാക്കുന്നതിന് മേൽനോട്ടം വഹിച്ചത് കാൾ ആന്റ് ഗൈഡൻസ് സെന്ററുകളിലെ ഉദ്യോഗസ്ഥരും ഇസ്‌ലാഹീ സെന്റർ ഭാരവാഹികളും ആയിരുന്നു. ഗൾഫ് കോഡിനേഷൻ വിഭാഗത്തിന്റെ മേൽനോട്ടത്തിലായിരുന്നു കോഴിക്കോട് സി.ഡി.ടവറിൽ പ്രവാസികൾക്ക് പരീക്ഷ നടന്നത്.

പ്രവാസികൾക്കിടയിലെ ഏറ്റവും വലിയ ഖുർആൻ പഠന പദ്ധതിയായി മാറിയ ലേൺ ദി ഖുർആൻ, ജനുവരിയിൽ നടക്കുന്ന ദേശീയ സംഗമത്തിൽ മികച്ചവരെ മുഴുവൻ സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും നൽകി ആദരിക്കും.

10 - ാംഘട്ടത്തിലെ ഏറ്റവും നല്ല പഠന കേന്ദ്രത്തിനുള്ള അവാർഡും ഏറ്റവും നല്ല പരീക്ഷാ കേന്ദ്രത്തിനുള്ള അവാർഡും ഏറ്റവും നല്ല ആസൂത്രിത പ്രവർത്തനങ്ങൾക്കുള്ള അവാർഡും സംഗമത്തിൽ വിതരണം ചെയ്യപ്പെടും.

പുതു മുസ്‌ലിംകളും അമുസ്‌ലിംകളുമടങ്ങുന്ന നിരവധി പരീക്ഷാർത്ഥികളെ കൊണ്ട് ശ്രദ്ധേയമായ ഈ പരീക്ഷയിൽ റാങ്ക് ജേതാക്കളായി തീർന്നവർ പുതുമുഖങ്ങളാണ്.

മികവ് കാണിച്ചവർക്ക് നാട്ടിലേക്കും തിരിച്ചും പതിവ് പ്രകാരം വിമാന ടിക്കറ്റുകൾ നൽകും .പഠന പ്രചാരണങ്ങളും പരീക്ഷയും സമ്മാനദാനവും നടത്തുന്നതിന്റെ പ്രധാന ലക്ഷ്യംവിശുദ്ധ ഖുർആനിന്റെ ലക്ഷ്യം എല്ലാവർക്കും എത്തിക്കുക എന്നത് മാത്രമാണ്.

ഇത് സർവ്വ മനുഷ്യർക്കുമുള്ളതാണ്. മനുഷ്യൻ തീരാനഷ്ടത്തി ലാകാതിരിക്കാൻ മുസ്‌ലിം അമുസ്‌ലിം വ്യത്യാസം കൂടാതെ എല്ലാവരും ഖുർആനിലേക്ക് തിരിയട്ടെ എന്നാണ് ഞങ്ങൾ ആശിക്കുന്നത്. പരീക്ഷാഫലം ഓരോ പരീക്ഷാസെന്ററുകളിലും ,ംംം.ശഹെമവശരലിൗേല.രീാ എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

എന്ന്

കൺട്രോളർ
പരീക്ഷാ ബോഡ്
ലേൺ ദി ഖുർആൻ
റിയാദ് ഇന്ത്യൻ ഇസ്‌ലാഹി സെന്റർ